44 (670) സംസ്ഥാനത്ത് പുതിയ പോലീസ് ഫയർ സ്റ്റേഷനുകൾ ആരംഭിക്കാൻ നടപടി

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ പോലീസ് സ്റ്റേഷനുകളും ഫയർ സ്റ്റേഷനുകളും ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എവിടെയൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ പോലീസ് സേനയുടേയും ഫയർ ഫോഴ്സിന്റേയും സംയുക്താവശ്യത്തിന് ഹെലികോപ്റ്റർ വാങ്ങുന്നതിന് നിർദ്ദേശമുണ്ടായിട്ടുണ്ടോ;

(ഡി) സംസ്ഥാന ഗവൺമെന്റിന്റെ വിവിധാവശ്യങ്ങൾക്കുവേണ്ടി ഒരു ഹെലികോപ്റ്റർ വാങ്ങുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) സംസ്ഥാനത്ത് പുതിയതായി പോലീസ് സ്റ്റേഷനുകൾ ആരംഭിക്കേണ്ട 79 സ്ഥലങ്ങളുടെ പേര് ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു മുൻഗണനാ ലിസ്റ്റ് പോലീസ് ഡയറക്ടർ ജനറലിൽനിന്നും ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. സംസ്ഥാനത്ത് താഴെപ്പറയുന്ന സ്ഥലങ്ങളിൽ പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

1. സുൽത്താൻ ബത്തേരി
2. തളിപ്പറമ്പ്
3. റാന്നി
4. കാഞ്ഞങ്ങാട്
5. കുത്തുപറമ്പ്
6. ആലത്തൂർ
7. മട്ടന്നൂർ
8. മുക്കം
9. വടക്കാഞ്ചേരി (തൃശ്ശൂർ ജില്ല)
10. മാവേലിക്കര
11. വർക്കല
12. കഞ്ചിക്കോട്

(സി)&(ഡി) തീരദേശ പട്രോളിംഗ്, പ്രകൃതിക്ഷോഭം തുടങ്ങിയ അടിയന്തിര ഘട്ടങ്ങളിലെ രക്ഷാപ്രവർത്തനങ്ങൾ എന്നിവയ്ക്കായി ഒരു ഹെലികോപ്റ്റർ വാങ്ങുന്നതിനുള്ള നിർദ്ദേശം പോലീസ് ഡയറക്ടർ ജനറലിൽനിന്നും ലഭിച്ചിട്ടുണ്ട്. കൂടാതെ രക്ഷാപ്രവർത്തനങ്ങൾക്കായി ഫയർഫോഴ്സിനു ഒരു ഹെലികോപ്റ്റർ വാങ്ങുന്നതിനുള്ള നിർദ്ദേശവും ലഭിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly